# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :563 27.02.2018-ൽ മറുപടിക്ക്

### സഹകരണ സംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എം. വിൻസെന്റ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ മേഖലയുടെ സേവനം കൂടുതൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ നടന്നു വരുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ ഗുണഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി നടപ്പിലാക്കുകയും, 6 ഘട്ടങ്ങളിലായി പെൻഷൻ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകി 'ഹരിതം സഹകരണം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിൽ ഇടപെടുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതു വിപണിയിൽ വിൽപന നടത്തി.<br><br>സഹകരണ സംഘങ്ങളുടെ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ |

| | | | |
|---|---|---|---|
| | | | ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും, കൺസ്യൂമർ ഫെഡിനെയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വനിത സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിത സംഘങ്ങൾക്കും, വനിത ഫെഡറേഷനും ആധുനികവൽക്കരണത്തിനും, കമ്പ്യൂട്ടർവൽക്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു. കേരള എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റ് ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉത്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിച്ചു വരുന്ന എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം അനുവദിച്ച് പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു കൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നു. വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം |

| | | | |
|---|---|---|---|
| | | | ഇടങ്ങിയ മേഖലകൾക്ക് വേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായപദ്ധതി നടപ്പിലാക്കി വരുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷികപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും, സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം, കമ്മ്യൂണിറ്റി കിച്ചൺ എന്നിവ നിർമ്മിച്ച് കൊടുക്കുന്ന പദ്ധതികളും പ്രാരംഭഘട്ടത്തിലാണ്.<br><br>കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സംയോജിത സഹകരണ വികസനം (ഐ.സി.ഡി.പി.) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധനസഹായം ലഭ്യമാക്കി തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ രണ്ടാം ഘട്ട പ്രവർത്തനം നടപ്പിലാക്കിവരുന്നു.<br><br>റെയ്ഡ്കോയുടെ വികസനത്തിനുവേണ്ടി എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ 2016-17 വർഷത്തിൽ 15 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കക്ക വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി 3.00 കോടി രൂപ നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിങ്ങ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് വിവിധ ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ സബ്സിഡി ഇനത്തിൽ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ 50 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2016 റംസാൻ വിപണിക്ക് 5 കോടി രൂപയും 2017 |

| | | | |
|---|---|---|---|
| | | | ഓണം വിപണിക്ക് 40 കോടി രൂപയും അനുവദിച്ച നൽകി.<br><br>സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കി സഹകരണ മേഖല മുഖേന ജനങ്ങൾക്ക് സേവനം ലഭ്യമാക്കുകയും സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | രാഷ്ട്രീയ താല്പര്യങ്ങളുടെ പേരിൽ സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നത് സഹകാരികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | രാഷ്ട്രീയ താല്പര്യങ്ങളുടെ പേരിൽ സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇന്ത്യൻ കോഫി ഹൗസിന്റെ നടത്തിപ്പുകാരായ സഹകരണ സംഘം ഭരണസമിതിയെ രാഷ്ട്രീയ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയത് പോലുള്ള നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4317 ന്റെ ഭരണസമിതിയെ പിരിച്ചുവിട്ടിട്ടില്ല.<br><br>ഇന്ത്യൻ കോഫി ഹൗസിന്റെ നടത്തിപ്പുകാരായ സഹകരണ സംഘം വ്യവസായവകുപ്പിന്റെ കീഴിലാണ്. ആയതിനാൽ വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | തിരുവനന്തപുരം സിറ്റി പോലീസ് സഹകരണ സംഘം ഭരണസമിതിയെ പിരിച്ച് വിട്ടത് | (ഡി) | തിരുവനന്തപുരം സിറ്റി പോലീസ് സഹകരണ സംഘത്തിൽ ഭരണസ്തംഭനം ഉണ്ടായതിന്റെ |

| | | | |
|---|---|---|---|
| | എന്ത് കാരണത്താലാണെന്ന് അറിയിക്കുമോ; പ്രസ്തുത നടപടി ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ? | | അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ടി നടപടി ബഹു. ഹൈക്കോടതി തടഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**